**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2813** **22-01-2021 - ൽ മറുപടിയ്ക്ക്**

**കടലുണ്ടിപ്പുഴയുടെ സംരക്ഷണഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ .എൻ .എ. ഖാദർ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | വേങ്ങര നിയോജകമണ്ഡലത്തിൽക്കൂടി ഒഴുകുന്ന കടലുണ്ടിപ്പുഴയുടെ ഇരുകരകളും 2018, 2019 വർഷങ്ങളിലെ മഴക്കെടുതികൾ കാരണം ഇടിഞ്ഞ് അപകടാവസ്ഥയിലായ ഏതൊക്കെ സ്ഥലങ്ങളിൽ സംരക്ഷണഭിത്തി ഇതിനോടകം നിർമ്മിച്ചെന്നും, ഇനി ഇത്തരത്തിലുള്ള എത്ര പ്രൊപ്പോസലുകൾ വകുപ്പിന്റെ പരിഗണനയിലുണ്ടെന്നും, ഇതിനായി ചെലവഴിച്ച ഫണ്ടിന്റെ വിവരങ്ങളും നൽകാമോ; | (എ) | വേങ്ങര നിയോജകമണ്ഡലത്തിൽക്കൂടി ഒഴുകുന്ന കടലുണ്ടി പുഴയുടെ ഇരുകരകളുടെ സംരക്ഷണത്തിനായി നടന്നുകൊണ്ടിരി ക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. ഈ പ്രവൃത്തികൾക്കെല്ലാംകൂടി 164.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇതിനായി ലഭിച്ച അപേക്ഷകളിൽ ഇനി തീരുമാനമെടുക്കുന്നതിനായി ഏതെങ്കിലും അവശേഷിച്ചിട്ടുണ്ടോ; ഇതിനായി ഫണ്ടു ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | 20 അപേക്ഷകളിൽ തീരുമാനം എടുക്കാനായി അവശേഷിക്കുന്നു. ഇതിനായി അധിക ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക ലക്ഷത്തിൽ | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ആർ.എം.എഫ് - എ ആർ നഗർ പഞ്ചായത്തിലെമൂഴിക്കലിൽ പി എം ജാഫർ എന്നിവരുടെ (റി.സ 226/14)വീടിനടുത്ത് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | 31.00 | കരാറുകാരന് സ്ഥലം കൈമാറിയിട്ടുണ്ട് |
| 2 | ആർ.എം.എഫ് - എ ആർ നഗർ പഞ്ചായത്തിലെ വാർഡ് 19 ലെ (മമ്പുറം പുതിയ പാലത്തിന് മുകൾഭാഗത്തായി കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം) | 17.00 | കരാറുകാരന് സ്ഥലം കൈമാറിയിട്ടുണ്ട് |
| 3 | ആർ.എം.എഫ് - എ ആർ നഗർ പഞ്ചായത്തിലെ വാർഡ് 19 മൂഴിക്കലിൽ (വീട് നം.293 സിയ്യരികിൽ) കടലുണ്ടി പ്പുഴയുടെ വലതുകര സംരക്ഷണം | 40.00 | 30% പ്രവൃത്തി പുരോഗതിയിൽ |
| 4 | മലപ്പുറം ജില്ലയിൽ വേങ്ങര നിയോജക മണ്ഡലത്തിൽ ഊരകം ഗ്രാമ പഞ്ചായത്തിൽ മണിക്കോത്ത് കടവിൽ ഡി.ടി.പി.സി യുടെ മമ്പീതി ഇക്കോ വില്ലേജിന് സമീപം കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | 20.20 | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | മലപ്പുറം ജില്ലയിൽ വേങ്ങര നിയോജക മണ്ഡലത്തിൽ ഊരകം ഗ്രാമ പഞ്ചായത്തിൽ വാർഡ് 16 ചാലിൽകുണ്ടിൽ വേരേങ്ങൽ മുഴിതോടിന് സമീപം കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | 22.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 6 | FC മലപ്പുറം ജില്ലയിൽ വേങ്ങര നിയോജക മണ്ഡലത്തിൽ വേങ്ങര ഗ്രാമ പഞ്ചായത്തിൽ തേർക്കയത്ത് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | 34.00 | പ്രവൃത്തി 60% പൂർത്തീകരിച്ചു |
| | ആകെ | 164.20 | |

സെക്ഷൻ ഓഫീസർ